**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# അപ്പീൽ പരാതി നമ്പർ: P/036/2026

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**

**തീയതി: 20 - 08 - 2026**

| | | |
|---|---|---|
| പരാതിക്കാരൻ | : | ശ്രീ. മനു എ. എസ്.<br>കാമ്പയിൻ കോ-ഓർഡിനേറ്റർ,<br>'Silence the Noise' by esSENSE ഗ്ലോബൽ,<br>മീഹാരം, പെരുമ്പുഴ പി. ഓ.,<br>കൊല്ലം ജില്ല- 691504 |
| എതിർകക്ഷി | : | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>ഇലക്ട്രിക്കൽ സബ് ഡിവിഷൻ<br>വെളിയം, കൊല്ലം ജില്ല. |

## ഉത്തരവ്

### പരാതിയുടെ പശ്ചാത്തലം

പരാതിക്കാരനായ ശ്രീ. മനു എ. എസ്. ലൈസൻസിയായ **KSEBL** ന്റെ പെരുമ്പുഴ ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ള ഒരു ഗാർഹിക ഉപഭോക്താവാണ്. ഉപഭോക്തൃ നമ്പർ. **1145850022038** ആയിട്ടുള്ള ഇദ്ദേഹത്തിന്റെ സർവീസ് കണക്ഷനിൽ ചട്ട പ്രകാരമുള്ള മുന്നറിയിപ്പില്ലാതെ വൈദ്യുത തടസ്സം ഉണ്ടായി എന്നതാണ് പരാതിയ്ക്കാധാരം. **2026** മാർച്ച് **2**ന് വൈകുന്നേരം **4** മണി മുതൽ രാത്രി **10:30** വരെ പെരുമ്പുഴ സെക്ഷൻ പരിധിയിലെ **5** ട്രാൻസ്ഫോർമറുകളിലേക്കുള്ള വൈദ്യുതവിതരണം മുന്നറിയിപ്പില്ലാതെ വിഛേദിച്ചു. KSERC ചട്ടങ്ങൾ പ്രകാരം **24** മണിക്കൂർമുൻപ് അറിയിപ്പ് നൽകണമെന്നിരിക്കെ വൈദ്യുതി വിഛേദിക്കുന്നതിനും **1** മണിക്കൂർ മുൻപാണ് **SMS** മുഖാന്തരം അറിയിപ്പുകിട്ടിയത്. ആ അറിയിപ്പിലും **Natural Calamity** എന്നതാണ് കാരണമായി കാണിച്ചിരുന്നത്. പ്രകൃതിക്ഷോഭങ്ങൾ ഒന്നുമുണ്ടാകാതിരുന്ന സമയത്ത് ഒരു ക്ഷേത്രോത്സവവു മായി ബന്ധപ്പെട്ട്

ഘോഷയാത്രയ്ക്ക് കടന്നുപോകാനാണ് യഥാർത്ഥത്തിൽ കണക്ഷൻ വിഛേദിച്ചത്. അത് മുൻകൂട്ടി അറിയിപ്പ് നൽകി ശരിയായ ആസൂത്രണത്തിലൂടെ ചെയ്യേണ്ടതായിരുന്നു. ലൈസൻസിയുടെ അനാസ്ഥയും ആസൂത്രണമില്ലായ്മയും മൂലം ഉപഭോക്താക്കൾക്ക് അസൗകര്യങ്ങൾ ഉണ്ടായി എന്ന് പരാതിയിൽ ചൂണ്ടിക്കാണിക്കുന്നു. പരാതിക്കാരൻ **CGRF Southern Region** ൽ നൽകിയ പരാതി **OP/58/25-26** ആയി ഫയലിൽ സ്വീകരിക്കുകയും നടപടികൾ പൂർത്തിയാക്കി **25/05/2026** ൽ ഉത്തരവിറക്കുകയും ചെയ്ത **CGRF**ന്റെ ഉത്തരവിന്റെ അപ്പീലായിട്ടാണ് ഈ പരാതി വൈദ്യുതി ഓംബുഡ്സ്മാൻ സമക്ഷം നൽകിയിരിക്കുന്നത്.

## പരാതിക്കാരന്റെ വാദം

**2026** മാർച്ച് **2**-ന് വൈകീട്ട് **4.00** മുതൽ രാത്രി **10.30** വരെ (തുടർച്ചയായി **6.5** മണിക്കൂർ) പെരുമ്പുഴ സെക്ഷൻ പരിധിയിലെ അഞ്ച് ട്രാൻസ്ഫോർമറുകളിലേക്കുള്ള വൈദ്യുതി വിതരണം യാതൊരു സാങ്കേതിക തകരാറുമില്ലാതെ വിച്ഛേദിച്ചു. **KSERC (Standards of Performance) Regulations, 2015**-ന്റെ ഷെഡ്യൂൾ **I**, ഐറ്റം **4** പ്രകാരം ഷെഡ്യൂൾഡ് ഔട്ടേജിന് **24** മണിക്കൂർ മുൻകൂർ നോട്ടീസ് നിർബന്ധമായിരുന്നു. എന്നാൽ ഒരു മണിക്കൂർ മുൻപ് മാത്രം **SMS** നൽകുകയും, അതിൽ **"Natural Calamity"** (പ്രകൃതിക്ഷോഭം) എന്ന് വ്യാജമായി രേഖപ്പെടുത്തുകയും ചെയ്തു. കൂടാതെ, ഔട്ടേജുകൾ വൈകീട്ട് **6.00** മണിക്ക് മുൻപ് പുനഃസ്ഥാപിക്കണമെന്ന നിയമം ലംഘിച്ച് രാത്രി **10.30** വരെ വൈദ്യുതി നിഷേധിച്ചു. ഇത് **Deficiency in Service** ആണെന്ന് ചൂണ്ടിക്കാട്ടി **50,000** നഷ്ടപരിഹാരവും മറ്റ് ആശ്വാസങ്ങളും ആവശ്യപ്പെട്ട് **CGRF** -ൽ പരാതി നൽകി.

**CGRF** -ന്റെ തീരുമാനം "നഷ്ടപരിഹാരം നല്കാൻ അധികാരമില്ല" എന്നത് നിയമപരമായി തെറ്റാണ്. **2003** -ലെ **KSERC (CGRF & Ombudsman)** റെഗുലേഷൻസിലെ **21(2)(iii)** വ്യക്തമായി പറയുന്നു: "ഫോറത്തിന് ലൈസൻസിയോട് നിർദ്ദേശിക്കാം... സേവന നിലവാര റെഗുലേഷനുകളിൽ കമ്മീഷൻ വ്യക്തമാക്കിയ നഷ്ടപരിഹാരം പരാതിക്കാരന് നല്കാൻ". കൂടാതെ, **2003** -ലെ വൈദ്യുതി നിയമത്തിലെ **Sec.57(2)** പ്രകാരവും സേവന നിലവാര ലംഘനത്തിന് നഷ്ടപരിഹാരം നൽകേണ്ടത് ലൈസൻസിയുടെ ബാധ്യതയാണ്. അതിനാൽ, നിയമാനുസൃത നഷ്ടപരിഹാരം **(Statutory Compensation)** അനുവദിക്കാൻ **CGRF**-നു പൂർണ്ണ അധികാരമുണ്ടായിരുന്നു. അധികാരമില്ലെന്നു പറഞ്ഞു തള്ളിയത് റദ്ദാക്കപ്പെടേണ്ടതാണ്.

ക്ഷേത്രോത്സവം മുൻകൂട്ടി തീരുമാനിച്ച പരിപാടിയായിരുന്നു. ഇത് ഒരു ഷെഡ്യൂൾഡ് ഒട്ടേജ് ആയി കണക്കാക്കപ്പെടേണ്ടതാണ്. കുറഞ്ഞത് **24**

മണിക്കൂർ മുമ്പെങ്കിലും ഉപഭോക്താക്കൾക്ക് നോട്ടീസ് നൽകാൻ ലൈസൻസി ബാധ്യസ്ഥനായിരുന്നു. എന്നാൽ 1 മണിക്കൂർ മുമ്പ് മാത്രം SMS നൽകുകയും, "Natural Calamity" എന്ന് തെറ്റായ കാരണം രേഖപ്പെടുത്തുകയും ചെയ്തത് ഈ ചട്ടത്തിന്റെ നഗ്നമായ ലംഘനമാണ്. CGRF ഈ ലംഘനം പരിഗണിച്ചില്ല.

KSERC SOP ചട്ടപ്രകാരം, ഷെഡ്യൂൾഡ് ഔട്ടേജുകൾ വൈകീട്ട് 6.00 മണിക്ക് മുമ്ബ് പുനഃസ്ഥാപിക്കണം. 6.5 മണിക്കൂർ നീണ്ട ഔട്ടേജ് (രാത്രി 10.30 വരെ) ഈ ചട്ടത്തിന്റെ രണ്ടാമത്തെ ലംഘനമാണ്. കൂടാതെ, യഥാർത്ഥ ഘോഷയാത്ര 30-45 മിനിറ്റിനുള്ളിൽ കടന്നുപോയിട്ടും, അതിനുശേഷം മണിക്കൂറുകളോളം വൈദ്യുതി പുനഃസ്ഥാപിക്കാത്തതിന്റെ ന്യായീകരണം CGRF ഉത്തരവിലില്ല.

Kerala Public Ways Act, 2011പ്രകാരം ജില്ലാ പോലീസ് മേധാവിയുടെ ലൈസൻസ് ഇല്ലാതെയും, Motor Vehicles Act U/s 52 ലംഘിച്ചുമാണ് ഘോഷയാത്ര നടന്നത്. നിയമാനുമതികൾ പരിശോധിക്കാതെ, ഒരു നിയമലംഘനത്തിന് KSEB ഔദ്യോഗിക സഹായം നൽകുകയാണുണ്ടായത്. ഇത് ഭരണപരമായ ദുർവിനിയോഗവും അഴിമതിയുമാണ്. CGRF ഈ വസ്തുത പരിശോധിച്ചില്ല.

10.04.2026 -ലെ ഹിയറിംഗിൽ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കിയിട്ടും, അന്തിമ ഉത്തരവിൽ പരാതിയിലെ പ്രധാന വിഷയങ്ങളൊന്നും (മുൻകൂർ അറിയിപ്പ്, വ്യാജ കാരണം, ഔട്ടേജ് ദൈർഘ്യം, നഷ്ടപരിഹാരം) പരിഗണിക്കാതെ, വിശദമായ കാരണങ്ങളില്ലാതെ ഹർജി തള്ളി. ഇത് reasoned order പുറപ്പെടുവിക്കേണ്ട CGRF -ന്റെ ബാധ്യതയുടെ ലംഘനമാണ്.

കുണ്ടറ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ 2023 - ൽ നടന്ന സമാനമായ ഒരു കെട്ടുകാഴ്ച/ഘോഷയാത്രയ്ക്ക് വേണ്ടി വൈദ്യുതി വിച്ഛേദിച്ച സംഭവത്തിൽ, ഓക്സിജൻ സപ്പോർട്ടിലുള്ള ഗുരുതര രോഗിക്ക് വൈദ്യുതി ലഭിക്കാത്തതിനാൽ ഓക്സിജൻ ഉപകരണം പ്രവർത്തിക്കാതെ വന്നു. പോലീസ് ഇടപെട്ടിട്ടും സമയബന്ധിതമായി വൈദ്യുതി പുനഃസ്ഥാപിക്കാൻ KSEB ഉദ്യോഗസ്ഥർക്ക് കഴിഞ്ഞിരുന്നില്ല (അന്നത്തെ കുണ്ടറ പോലീസ് സ്റ്റേഷൻ റൈറ്റർ ശ്രീ. പ്രകാശ് ഡി . എൽ നൽകിയ വിവരം). ഇത് Article 21 (Right to Life) ലംഘനത്തിന്റെ ഗൗരവമുള്ള ഉദാഹരണമാണ്. ഇത്തരം സുരക്ഷിതമല്ലാത്ത, അനുമതികൾ ഇല്ലാത്ത ഘോഷയാത്രകൾക്ക് വേണ്ടി KSEB നടത്തുന്ന വൈദ്യുതി വിച്ഛേദങ്ങൾ മാരകമായ അപകടങ്ങൾക്ക് കാരണമാകുമെന്ന് ഇത് തെളിയിക്കുന്നു. അതിനാൽ, കർശന മാർഗ്ഗനിർദ്ദേശങ്ങൾ ഇല്ലാതെ ഇനി മുതൽ ഇത്തരത്തിൽ വൈദ്യുതി വിച്ഛേദിക്കാൻ പാടില്ല.

ഓംബുഡ്സ്മാനിൽ നിന്ന് ആവശ്യപ്പെടുന്ന പരിഹാരങ്ങൾ **(Prayers)**

1. കൊട്ടാരക്കര **CGRF**-ന്റെ **OP No.58/2025-26(25.05.2026)** ഉത്തരവ് റദ്ദാക്കുക **(set aside).**

2. ഈ കേസിൽ **Deficiency in Service** നടന്നതായി പ്രഖ്യാപിക്കുകയും, **KSERC SOP 2015** ഷെഡ്യൂൾ **I** പ്രകാരമുള്ള നിയമനുസൃത നഷ്ടപരിഹാരം **(Statutory Compensation) KSEB Ltd.** മുഖേന അപ്പീൽക്കാരന് നല്കാൻ നിർദ്ദേശിക്കുകയും ചെയ്യണം.

3. **2026** മാർച്ച് - **2** ലെ മുഴുവൻ ഔട്ടേജ് രേഖകളും **(SMS** ലോഗുകൾ, **"Natural Calamity"** എന്ന് രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനം) **KSEB** ഹാജരാക്കാൻ നിർദേശിക്കുക. (എനിക്ക് ലഭ്യമായ **SMS** കോപ്പി ഇതോടൊപ്പം ചേർത്തിട്ടുണ്ട്)

4. ഭാവിയിലേക്ക്, മുൻകൂട്ടി നിശ്ചയിച്ച പരിപാടികൾക്ക് കുറഞ്ഞത് **7** ദിവസമെങ്കിലും **KSEB**-ക്ക് അറിയിപ്പ് നൽകുന്നതും, തുടർന്ന് ബാധിക്കപെടുന്ന ഉപഭോക്താക്കൾക്ക് **24** മണിക്കൂർ മുൻകൂർ അറിയിപ്പ് നൽകുന്നതും നിർബന്ധമാക്കേണ്ടതും. **6** മണിക്ക് ശേഷം വൈദ്യുതി ഓഫ് ചെയ്യാതിരിക്കുകയും വേണം.

5. **Kerala Public Ways Act, 2011** പ്രകാരമുള്ള ലൈസൻസ് ഇല്ലാതെ യാതൊരു ഘോഷയാത്രയ്ക്കും വേണ്ടി വൈദ്യുതി വിച്ഛേദിക്കാൻ പാടില്ലെന്നും, അനുമതികൾ പരിശോധിക്കേണ്ടത് **KSEB**-യുടെ ബാധ്യതയാണെന്നും ഉത്തരവാക്കണം.

6. ഭാവിയിൽ കെട്ടുകാഴ്ച/ഘോഷയാത്രകൾക്ക് വൈദ്യുതി വിച്ഛേദിക്കുന്നതിന് മുമ്പ് **KSEB** നിർബന്ധമായും പാലിക്കേണ്ട മുൻവ്യവസ്ഥകൾ:

   **(i) Motor VehiclesAct, 1988 Sec. 52** പരാക്രമം വാഹനത്തിൽ വരുത്തിയ മാറ്റങ്ങൾക്കും**(modified vehicle)**, പ്രൊജക്ഷൻ/ഓവർഹാംഗിനും **(overhang)** ബന്ധപ്പെട്ട **RTO/** പോലീസ് മുൻകൂർ അനുമതി. (ഉയരം സംബന്ധിച്ചും, വാഹനത്തിനു മുകളിൽ ആൾകാർ ഇല്ലാതിരിക്കുന്നതിനും വേണ്ടി).

   **(ii) Kerala Public Ways Act, 2011 Sec.5** പ്രകാരം ജില്ലാ പോലീസ് മേധാവിയുടെ ലൈസൻസ്.

   **(iii)** ബാധകമെങ്കിൽ, **Disaster Management Act** പ്രകാരമുള്ള മുൻകൂർ അനുമതി.

   **(iv)** വാഹനത്തിന്റ കാലികമായ ഇൻഷുറൻസ്, രേങിസ്ട്രേൻ, ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, ഡ്രൈവറുടെ ലൈസൻസ് എന്നിവയുടെ പകർപ്പുകൾ, പോലീസ് അനുമതിക്കൊപ്പം വാങ്ങി ഫയൽ ചെയ്യണം.

(v) മേല്പറഞ്ഞ രേഖകളൊന്നും ലഭ്യമല്ലെങ്കിൽ, KSEB യാതൊരു കാരണവശാലും വൈദ്യുതി വിതരണം തടസ്സപ്പെടുത്തുകയോ, തടസപ്പെടുത്താൻ അനുവദിക്കുകയോ ചെയ്യരുത്.

7. ജീവൻ രക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്ക് പ്രത്യേക പരിഗണന: ഓക്സിജൻ കോൺസെൻട്രേറ്റർ, വെന്റിലേറ്റർ, ഡയാലിസിസ് മെഷീൻ തുടങ്ങിയ വൈദ്യുതി ആശ്രിത ജീവൻ രക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്ന ഉപഭോക്താക്കളുടെ ഒരു രജിസ്റ്റർ KSEB സൂക്ഷിക്കണം. അത്തരം ഉപഭോക്താക്കൾക്ക്, ആസൂത്രിതമായ ഏത് വൈദ്യുതി തടസ്സത്തിനും കുറഞ്ഞത് 48 മണിക്കൂർ മുൻകൂർ അറിയിപ്പ് നൽകണം. അടിയന്തിര സാഹചര്യങ്ങളിൽ അവർക്ക് ബദൽ വൈദ്യുതി സംവിധാനം (ജനറേറ്റർ /ഇൻവെർട്ടർ) ഒരുക്കാൻ KSEB സഹായിക്കണം

8. നീതിയുടെ ആവശ്യാർത്ഥം ബഹുമാനപെട്ട ഓംബുഡ്സ്മാൻ ഉചിതമെന്നു കരുതുന്ന മാറ്റ് ഉത്തരവുകളും പുറപ്പെടുവിക്കുക.

## എതിർകക്ഷിയുടെ വാദം

താഴെ പറയുന്ന വസ്തുതകൾ ബഹുമാനപ്പെട്ട ഫോറം മുമ്പാകെ സമർപ്പിക്കുന്നു. അപ്പെല്ലന്റ് ശ്രീ. മനു, മീഹാരം, പുനക്കന്നൂർ പി ഓ , പെരുമ്പുഴ കൊല്ലം-691504 ബഹുമാനപ്പെട്ട കൺസ്യൂമർ റീഡ്രെസ്സൽ ഫോറം, കൊട്ടാരക്കര പുറപ്പെടുവിച്ച OP No.58/2025-26 വിധിക്കെതിരായി ബഹുമാനപ്പെട്ട സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ മുൻപാകെ അപ്പീൽ ഹർജി P036/2026 സമർപ്പിച്ചിട്ടുള്ളതാണ്. ഇതിമേലുള്ള വസ്തുതകൾ സമർപ്പിക്കുന്നു.

വെളിയം ഇലക്ട്രിക്കൽ സബ് ഡിവിഷനിലെ പെരുമ്പുഴ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലുള്ള ചിറയടി ശ്രീ മഹാദേവർ ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് മകം മഹോത്സവത്തിന്റെ നോട്ടീസ് ക്ഷേത്ര ഭാരവാഹികൾ പെരുമ്പുഴ സെക്ഷൻ ഓഫീസിൽ നൽകിയിരുന്നു . ടി ഉത്സവം 2026 ഫെബ്രുവരി 21 മുതൽ മാർച്ച് 2 വരെയാണ് നടത്തപ്പെട്ടത്. ഉത്സവ നടത്തിപ്പിന് വൈദ്യുത സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി പാലിക്കേണ്ട മാർഗരേഖകൾ ഉൾക്കൊള്ളിച്ച്നോട്ടീസ് സെക്ഷൻ അധികൃതർ ഉത്സവ കമ്മിറ്റിക്ക് നൽകിയിരുന്നു. KSEB ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളായ ഇലക്ട്രിക് പോസ്റ്റുകൾ, ട്രാൻസ്ഫോർമറുകൾ എന്നിവയിൽ സ്റ്റിക്കറും, അലങ്കാര ബൾബുകളും, പരസ്യങ്ങളും പാടുള്ളതല്ല എന്ന് ക്ഷേത്ര കമ്മിറ്റിയെ അറിയിച്ചിരുന്നു. കൂടാതെ കെഎസ്ഇബിയുടെ വൈദ്യുത ലൈനുകളുമായി സുരക്ഷിതമായ അകലം പാലിക്കാതെ കെട്ടുകാഴ്ചകൾ, കുതിരകൾ, മറ്റു വാഹനങ്ങൾ കടന്നുപോകരുതെന്നും നിഷ്കർഷിച്ചിട്ടുള്ളതാണ്.

ഇക്കാര്യങ്ങളിൽ വീഴ്ച വരുത്തുന്ന പക്ഷം ഉണ്ടാകുന്ന അപകടങ്ങളുടെ പൂർണ്ണ ഉത്തരവാദിത്തം ഉത്സവ കമ്മിറ്റിക്കാർക്ക് മാത്രമാണെന്നും മുന്നറിയിപ്പ് നൽകിയിരുന്നു. ടി നോട്ടീസിന്റെ പകർപ്പ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലും പോലീസ് സ്റ്റേഷനിലും നൽകിയിട്ടുള്ളത് ആകുന്നു.

പരാതിക്കാരൻ സമർപ്പിച്ചിരിക്കുന്ന പരാതിയിൽ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾ യാഥാർത്ഥ്യവിരുദ്ധവും വസ്തുതകൾ തെറ്റായി വ്യാഖ്യാനിച്ചത് ആണെന്ന് വിനീതമായി സമർപ്പിക്കുന്നു. പ്രസ്തുത സംഭവുമായി ബന്ധപ്പെട്ട യഥാർത്ഥ സാഹചര്യങ്ങൾ ചുവടെ വിശദീകരിക്കുന്നു. **02/03/2026** തീയതിയിൽ പ്രസ്തുത ചിറയടി പ്രദേശത്ത് നടന്ന ക്ഷേത്രോത്സവവുമായി ബന്ധപ്പെട്ട കെട്ടുകാഴ്ച പൊതുവഴിയിലൂടെ കടന്നുപോകുന്ന സാഹചര്യം ഉണ്ടായിരുന്നതാണ്. ടി ഉത്സവത്തിന്റെ ഘോഷയാത്രയും അതിനോടനുബന്ധിച്ച് കെട്ടുകാഴ്ചയും **02/03/2026** വൈകുന്നേരം നാലുമണിയോടെ ക്ഷേത്രസന്നിധിയിൽ നിന്നും ആരംഭിച്ചു. ഘോഷയാത്ര നടന്നിരുന്ന മേലെയിലുള്ള വൈദ്യുത ലൈൻ കുണ്ടറ **220 Kv** സബ്സ്റ്റേഷനിൽ നിന്നുള്ള **11Kv** മുഖത്തല ഫിഡറാണ്. കെട്ടുകാഴ്ചയുടെ ഘടനകൾ വളരെ ഉയരം കൂടിയതും പ്രസ്തുത പ്രദേശത്തിലൂടെ കടന്നുപോകുന്ന ഓവർഹെഡ് വൈദ്യുത ലൈനുകൾക്ക് വളരെ സമീപമായി എത്തുന്നതിനാൽ വൈദ്യുതാപകടങ്ങൾക്ക് ഗുരുതരമായ സാധ്യത നിലനിന്നിരുന്നു. ഘോഷയാത്ര **11 Kv** മുഖത്തല ഫീഡറിന്റെ പരിധിയിലുള്ള കരയോഗം, ചിറയടി ടെമ്പിൾ, വീക്ഷണം, കോളനി , കോളനി ന്യൂ , ചിറയടി എന്നീ ട്രാൻസ്ഫോർമറുകളുടെ പരിധിയിലൂടെയാണ് കടന്നുപോയത്. കെട്ടുകാഴ്ചകൾ കൈകാര്യം ചെയ്യുന്ന ആളുകളുടെയും, പൊതുജനങ്ങളുടെയും ജീവനും സ്വത്തിനും അപകടസാധ്യത ഉണ്ടാകാതിരിക്കാനായി മുൻകരുതൽ നടപടിയായി പ്രസ്തുത സമയത്ത് ടി ട്രാൻസ്ഫോർമറുകളുടെ വൈദ്യുതി വിതരണം താൽക്കാലികമായി നിർത്തിവെക്കുന്ന സാഹചര്യം ഉണ്ടായതാണ് എന്ന് താഴ്മയായി ബോധിപ്പിക്കുന്നു. കെട്ടുകാഴ്ച സുരക്ഷിതമായി കടന്നുപോയതിനുശേഷം വൈദ്യുതി വിതരണം സാധാരണ നിലയിൽ പുനഃസ്ഥാപിച്ചിട്ടുള്ളതാകുന്നു. ആയതിനാൽ ഈ വിഷയത്തിൽ സ്വീകരിച്ച നടപടി യുക്തിസഹവും പൊതുജന സുരക്ഷ മുൻനിർത്തിയുമാണെന്ന് വിനീതമായി അറിയിക്കുന്നു. പൊതുജന സുരക്ഷ ഉറപ്പുവരുത്തേണ്ടത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലിമിറ്റഡിന്റെ പ്രധാന ഉത്തരവാദിത്തമാണ്.

ഇലക്ട്രിസിറ്റി ആക്ട് **2003** ലെ സെക്ഷൻ **53** പ്രകാരം വൈദ്യുതി വിതരണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളിലും സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കേണ്ടത് നിർബന്ധമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

അതേപോലെ **Central Electricity Authority 2023 (Measures related to Safety and Electric Supply)** റെഗുലേഷൻസ് പ്രകാരവും വൈദ്യുത അപകടസാദ്ധ്യത ഒഴിവാക്കുന്നതിനായി ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കേണ്ടത് ലൈസൻസിയുടെ നിയമപരമായ ബാധ്യതയായി നിഷ്കർഷിച്ചിരിക്കുന്നു. **KSERC licensees** സ്റ്റാൻഡേർഡ്സ് ഓഫ് പെർഫോമൻസ് റെഗുലേഷൻസ് പ്രകാരം വൈദ്യുതി വിതരണത്തിന്റെ ഗുണനിലവാരവും തടസ്സങ്ങളും സംബന്ധിച്ച നിർദ്ദേശങ്ങൾ ഉണ്ടായിരുന്നാലും പൊതുജനസുരക്ഷയെ ബാധിക്കുന്ന സാഹചര്യങ്ങളിൽ അല്ലെങ്കിൽ വൈദ്യുതി അപകടസാദ്ധ്യത ഒഴിവാക്കുന്നതിനായി സ്വീകരിക്കുന്ന താൽക്കാലിക വൈദ്യുതി തടസ്സങ്ങൾ **Deficiency in Service** ആയി കണക്കാക്കാൻ കഴിയില്ല എന്ന് ബോധിപ്പിക്കുന്നു. അതിനാൽ പരാതിക്കാരന്റെ ഈ ആരോപണം നിയമപരമായി നിലനിൽക്കുന്നതല്ല. **Planned Interruption for Public Safety** എന്നതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത നടപടി സ്വീകരിച്ചിരിക്കുന്നത്. അതിനാൽ ഇതിനെ സേവനത്തിന്റെ അലംഭാവമായി അല്ലെങ്കിൽ ഉപഭോക്താവിനോടുള്ള അനീതിയായി കണക്കാക്കാൻ കഴിയില്ല എന്ന് താഴ്മയായി ബോധിപ്പിക്കുന്നു. പ്രസ്തുത ദിവസം ഉണ്ടായ വൈദ്യുതി വിതരണ തടസ്സം സ്ഥിരം സ്വഭാവത്തിലുള്ളത് ആയിരുന്നില്ല. കെട്ടുകാഴ്ച സുരക്ഷിതമായി കടന്നുപോകുന്നതിനും പൊതുജനങ്ങളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനും ആവശ്യമായ കാലയളവിൽ മാത്രമാണ് വൈദ്യുതി വിതരണം താൽക്കാലികമായി നിർത്തിവെച്ചത്. സാഹചര്യം സാധാരണ നിലയിലായ ഉടൻ വൈദ്യുതി വിതരണം പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

ഉപഭോക്താക്കൾക്ക് എസ്.എം.എസ് മുഖേന **Safety issues** എന്ന് നൽകിയ അറിയിപ്പ് സംബന്ധിച്ച പരാതിയും അടിസ്ഥാനരഹിതമാണ്. വൈദ്യുതി വിതരണ തടസ്സം സംബന്ധിച്ച പൊതുവായ വിവരം ഉപഭോക്താക്കളെ അറിയിക്കുന്നതിനായി സിസ്റ്റത്തിൽ ലഭ്യമായ വിഭാഗീകരണത്തിന്റെ അടിസ്ഥാനത്തിലാണ് സന്ദേശം അയച്ചിട്ടുള്ളത്. സുരക്ഷാ കാരണങ്ങളാൽ ഉണ്ടായ വൈദ്യുത തടസ്സം സംഭവിച്ചതാണ് സന്ദേശത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. സാധ്യമായ പൊതുവായ വിവരം നൽകുന്നതിനാണ് സന്ദേശം അയച്ചത്. ദുരുദ്ദേശമോ തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമമോ ഉണ്ടായിട്ടില്ല. **SAIFI/SAIDI** വൈദ്യുതി വിതരണ സംവിധാനത്തിന്റെ സാങ്കേതിക പ്രകടന സൂചികകളാണ്. ഇവയുടെ കണക്കെടുപ്പ് ബന്ധപ്പെട്ട സാങ്കേതിക മാനദണ്ഡങ്ങൾക്കും റെഗുലേറ്ററി നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് നടത്തപ്പെടുന്നത്. പൊതുജന സുരക്ഷയെ മുൻനിർത്തി സ്വീകരിച്ച താൽക്കാലിക വിതരണ തടസ്സങ്ങൾ ഈ സൂചികകളിൽ തെറ്റായി ഉൾപ്പെടുത്തിയിട്ടില്ല.

കേരളത്തിലെ ക്ഷേത്രോത്സവങ്ങൾ സാമൂഹികവും സാംസ്കാരികവുമായി പ്രാധാന്യമുള്ള പൊതുപരിപാടികളാണ്. പ്രത്യേകിച്ച് ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്ഷേത്രോത്സവങ്ങൾ വ്യാപകമായി നടത്തപ്പെടുന്നു. ഇത്തരം ഉത്സവങ്ങളുടെ സുരക്ഷിതമായ നടത്തിപ്പിന് കെ.എസ്.ഇ.ബി.എല്ലിനൊപ്പം ജില്ലാ ഭരണകൂടം, പോലീസ് വകുപ്പ്, ഫയർ ആൻഡ് റെസ്ക്യൂ സർവീസസ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഉത്സവ സംഘാടകർ തുടങ്ങിയ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപിത പ്രവർത്തനം അനിവാര്യമാണ്. ഉത്സവങ്ങളുമായി ബന്ധപ്പെട്ട കെട്ടുകാഴ്ചകൾ, തേരോട്ടങ്ങൾ, ഉയരമുള്ള അലങ്കാര നിർമ്മിതികൾ, എന്നിവ വൈദ്യുത ലൈനുകൾക്ക് സമീപമോ അവയുടെ കീഴിലൂടെയോ കടന്നുപോകുന്ന സാഹചര്യങ്ങളിൽ പൊതുജനങ്ങളുടെ ജീവനും സ്വത്തിനും അപകടസാദ്ധ്യത ഉണ്ടാകാതിരിക്കാൻ **Electricity Act, 2003**-ലെ **Section 53**-ഉം **CEA Safety Regulations**-ഉം പ്രകാരം കെ.എസ്.ഇ.ബി.എല്ലിന് നിയമപരമായ സുരക്ഷാ ബാധ്യതയുണ്ട്. അതിന്റെ ഭാഗമായി, അപകടസാദ്ധ്യത വിലയിരുത്തി ബന്ധപ്പെട്ട വകുപ്പുകളുമായുള്ള ഏകോപനത്തിന്റെ അടിസ്ഥാനത്തിൽ ചില സന്ദർഭങ്ങളിൽ പരിമിതമായ സമയത്തേക്ക് വൈദ്യുതി വിതരണം താൽക്കാലികമായി വിച്ഛേദിക്കേണ്ട സാഹചര്യം ഉണ്ടായേക്കാം. ഇത്തരത്തിലുള്ള നടപടി ഒരു വ്യക്തിയുടെയോ ഒരു ഉപഭോക്താവിന്റെയോ താൽപര്യത്തിന് വിരുദ്ധമായി സ്വീകരിക്കുന്നതല്ല; മറിച്ച് വലിയൊരു വിശ്വാസസമൂഹത്തിന്റെയും പൊതുജനങ്ങളുടെയും **(larger interest)** സംരക്ഷിക്കുന്നതിനും പൊതുസുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള മുൻകരുതൽ നടപടിയായാണ് സ്വീകരിക്കുന്നത്. അപകടസാദ്ധ്യത മുൻകൂട്ടി തിരിച്ചറിഞ്ഞിട്ടും ആവശ്യമായ സുരക്ഷാ നടപടി സ്വീകരിക്കാതിരുന്നാൽ അനിഷ്ടസംഭവങ്ങൾ ഉണ്ടാകുകയും അതിന്റെ ഉത്തരവാദിത്വം കെ.എസ്.ഇ.ബി.എല്ലിനും ബന്ധപ്പെട്ട അധികാരികൾക്കും മേൽ ആരോപിക്കപ്പെടാൻ സാദ്ധ്യതയുണ്ട്. അതിനാൽ പൊതുതാൽപര്യവും പൊതുസുരക്ഷയും മുൻനിർത്തി, ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനത്തോടെയും നിയമപരമായ സുരക്ഷാ ബാധ്യതയുടെ അടിസ്ഥാനത്തിലുമാണ് താൽക്കാലിക വൈദ്യുതി വിച്ഛേദനം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കപ്പെട്ടുന്നത്. ആയതിനാൽ ഇത്തരം സന്ദർഭങ്ങളിൽ സ്വീകരിക്കുന്ന നടപടി പൊതുസുരക്ഷ, പൊതുതാൽപര്യം, വലിയൊരു വിശ്വാസസമൂഹത്തിന്റെ സുരക്ഷിത പങ്കാളിത്തം എന്നിവ ഉറപ്പാക്കുന്നതിനുള്ള വൈദ്യുതി വിതരണ ലൈസൻസിയുടെ അനിവാര്യവും നിയമാനുസൃതവുമായ മുൻകരുതൽ നടപടിയായാണ് പരിഗണിക്കേണ്ടതെന്ന് താഴ്മയായി ബോധിപ്പിക്കുന്നു. മുകളിൽ വിശദീകരിച്ചിരിക്കുന്ന

സാഹചര്യങ്ങൾ പരിഗണിക്കുമ്പോൾ പരാതിക്കാരൻ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾക്ക് യാതൊരു നിയമപരമായ അടിസ്ഥാനവും ഇല്ലെന്ന് വിനീതമായി സമർപ്പിക്കുന്നു. മേൽ വസ്തുക്കളെല്ലാം ബഹുമാനപെട്ട കൺസ്യൂമർ റീഡ്രെസ്സൽ ഫോറം, കൊട്ടാരക്കര മുൻപാകെ സമർപ്പിച്ചിട്ടുള്ളതും **25/05/2026** ൽ വിധിയായിട്ടുള്ളതുമാണ്. ആകയാൽ ഏറ്റവും ബഹുമാനപെട്ട സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ അപ്പീൽ പെറ്റീഷൻ ചെലവ് സഹിതം തള്ളി ഉത്തരവാക്കണമെന്നു ആദരപൂർവം അപേക്ഷിക്കുന്നു.

## പരാതിക്കാരന്റെ എതിർവാദം

എതിർകക്ഷി **Electricity Act 2003 Section 53, CEA (Safety) Regulations 2023,** കേരള ഹൈക്കോടതിയുടെ **WP(C) No. 34919/2016** എന്നിവ ഉദ്ദരിച്ച് **"Planned Interruption for Public Safety"** ആണെന്ന് അവകാശപ്പെടുന്നു. എന്നാൽ, ഈ അപകടസാധ്യത എന്താണെന്നും, അത് അളന്ന് വിലയിരുത്തിയ രീതി എന്താണെന്നും വ്യക്തമാക്കുന്ന യാതൊരു സാങ്കേതിക രേഖയും **(Technical Log / Risk Asssessment Data)** എതിർകക്ഷി **CGRF** - നോ ഈ ബഹു. ഫോറത്തിനോ ഹാജരാക്കിയിട്ടില്ല. കേവലം വാചികമായ അവകാശവാദം മാത്രമാണ് ഇതുവരെ സമർപ്പിക്കപ്പെട്ടിട്ടുള്ളത്. ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു നിയമപരമായ വസ്തുത, **Electricity Act 2003** -ലെ **Section 53**-ഉം **CEA (Safety)** റെഗുലേഷൻസ് -ഉം കെ.എസ്.ഇ.ബി.-യ്ക്ക് നൽകുന്നത് വൈദ്യുതി സുരക്ഷാ ഉറപ്പാക്കാനുള്ള ബാധ്യതയാണ്; നിയമവിരുദ്ധമായി രൂപമാറ്റം വരുത്തിയ വാഹനങ്ങൾക്കും അനുമതിയില്ലാത്ത ഘോഷയാത്രകൾക്കും സൗകര്യമൊരുക്കി പൊതുജനങ്ങളുടെ വൈദ്യുതി വിച്ഛേദിക്കാനുള്ള ഒരു അധികാരവും ഈ വ്യവസ്ഥകൾ നൽകുന്നില്ല എന്നതാണ്. യഥാർത്ഥത്തിൽ അപകടസാധ്യത ഉണ്ടായിരുന്നുവെങ്കിൽ, നിയമലംഘനം തടയുകയും ബന്ധപ്പെട്ട അധികാരികളെ അറിയിക്കുകയും ചെയ്യുകയായിരുന്നു എതിർകക്ഷിയുടെ നിയമപരമായ കടമ : നിരപരാധികളായ ഉപഭോക്താക്കളുടെ വൈദ്യുതി മണിക്കൂറുകളോളം വിച്ഛേദിക്കുകയായിരുന്നില്ല. ആയതിനാൽ, എതിർകക്ഷിയുടെ **"Public Safety"** പ്രതിരോധത്തിന്റെ നിയമടിസ്ഥാനം തന്നെ നിലനിൽക്കുന്നതല്ല. മാത്രമല്ല, എതിർകക്ഷിയുടെ ഈ വാദത്തെ പൂർണ്ണമായും ദുർബലപ്പെടുത്തുന്ന മറ്റൊരു നിർണായക വസ്തുത, ഘോഷയാത്ര കടന്നുപോയ ആരാധനാലയത്തിന് ഏകദേശം **1.5** കിലോമീറ്റർ ചുറ്റളവിൽ പൊതുവഴിയരികിലെ കെ.എസ്.ഇ.ബി. ഇലക്ട്രിക് പോസ്റ്റുകളിലും സ്വകാര്യ വ്യക്തികളുടെ പുരയിടങ്ങളിലെ മരങ്ങളിലും കെട്ടിടങ്ങളിലും ഇരുമ്പ് തൂണുകളിലുമായി യാതൊരു നിയമാനുസൃത അനുമതിയില്ലാതെ പ്ലാസ്റ്റിക് വയറുകൾ വലിച്ചുകെട്ടി,

ആരാധനാലയത്തിൽ കെ.എസ്.ഇ.ബി. വൈദ്യുതിയും അനധികൃതമായി സ്ഥാപിച്ച ഹൈ-പവർ ജനറേറ്ററിൽ നിന്നുള്ള വൈദ്യുതിയും അവയിലൂടെ കടത്തിവിട്ട്, മൊട്ടുസൂചി (**Piercing Connection**) ഉപയോഗിച്ച കണക്ക് ചെയ്ത **BIS** നിലവാരമില്ലാത്തതും വാട്ടർപ്രൂഫ് അല്ലാത്തതുമായ അലങ്കാരദീപങ്ങളും ട്യൂബ് ലൈറ്റുകളും സ്ഥാപിച്ച പ്രവർത്തിപ്പിച്ചിരുന്നതാണ്.

എതിർകക്ഷിയുടെ "അപകടസാധ്യത" എന്ന വാദത്തിൽ തന്നെ ഗുരുതരമായ വൈരുദ്ധ്യം നിലനിൽക്കുന്നു. അനുവദനീയമായ ഉയരത്തേക്കാൾ കൂടുതലുള്ള ഇതേ കെട്ടുകാഴ്ചാ വാഹനം ആദ്യം ആരാധനാലയ പരിസരത്തേക്ക് എത്തിച്ചപ്പോൾ വൈദ്യുതി വിതരണം തടസ്സപ്പെടുത്തിയിരുന്നില്ല. അങ്ങനെയെങ്കിൽ, അതെ വാഹനം പിന്നീട് പൊതുവഴിയിലൂടെ എത്തിച്ചപ്പോൾ ഘോഷയാത്രയായി സഞ്ചരിക്കുമ്പോൾ മാത്രം വൈദ്യുതി വിതരണം വിച്ഛേദിക്കേണ്ട സാഹചര്യം എങ്ങനെ രൂപപ്പെട്ടുവെന്നതിനു എതിർകക്ഷി യാതൊരു യുക്തിസഹമായ വിശദീകരണവും നൽകിയിട്ടില്ല.

എതിർകക്ഷിയുടെ മറുപടിയിൽ, വൈദ്യുത ലൈനിൽ നിന്നും മതിയായ സുരക്ഷാ അകലം പാലിക്കാൻ സാധിക്കാത്തതിനാലാണ് വൈദ്യുതി വിതരണം താൽക്കാലികമായി വിച്ഛേദിച്ചതെന്ന് സമ്മതിച്ചിരിക്കുന്നു. ഈ സമ്മതം തന്നെയാണ് എതിർകക്ഷിയുടെ മുഴുവൻ പ്രതിരോധവാദത്തിന്റെ അടിസ്ഥാനത്തെ ദുര്ബലപ്പെടുത്തുന്നത്.

പൊതുജന സുരക്ഷ സംരക്ഷിക്കുന്നതിനാണ് വൈദ്യുതി വിതരണം തടസ്സപ്പെടുത്തിയതെന്ന എതിർകക്ഷിയുടെ വാദം ലഭ്യമായ ഔദ്യോഗിക രേഖകളുടെ വെളിച്ചത്തിൽ പരിശോധിക്കുമ്പോൾ വിശ്വാസ്യത നഷ്ടപ്പെടുന്നതാണ്. കാരണം, പ്രസ്തുത ക്ഷേത്ര കമ്മിറ്റി സ്ഥിരമായി സമാന സ്വഭാവത്തിലുള്ള നിയമലംഘനങ്ങൾ നടത്തുന്നവരാണെന്നത് എതിർകക്ഷിക്ക് നേരത്തെ തന്നെ ഔദ്യോഗികമായി അറിയാമായിരുന്നു. **FIR No. 1477/2024** (കുണ്ടറ പോലീസ് സ്റ്റേഷൻ, **25.09.2024**) പ്രകാരം, **07.09.2024**-ന് യാതൊരു അനുമതിയുമില്ലാതെ കെ.എസ്.ഇ.ബി. ഇലക്ട്രിക് പോസ്റ്റുകളിൽ അതിക്രമിച്ച് കയറി, ജനറേറ്ററിൽ നിന്നുള്ള വൈദ്യുതി ഉപയോഗിച്ച് പ്രത്യേകം വയറുകൾ വലിച്ചുകെട്ടി നിരോധിത കോളാമ്പി മൈക്ക് സംവിധാനങ്ങളും സുരക്ഷിതമല്ലാത്ത അലങ്കാര ദീപങ്ങളും കിലോമീറ്ററുകളോളം സ്ഥാപിച്ച് പ്രവർത്തിപ്പിച്ചതിന് **Electricity Act, 2003**-ലെ സെക്ഷൻ **138(1)(a), 151** എന്നിവ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ നിയമലംഘനം കണ്ടെത്തിയത് വെളിയം സബ് ഡിവിഷന് കീഴിലുള്ള പെരുമ്പുഴ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ തന്നെയായിരുന്നു. ഈ കേസിന് ശേഷം തുടർന്നുള്ള

വർഷങ്ങളിലും **Notice No. NO/AE/ES/PZA/LETTER/2025-26/185 dated 26.02.2026** പ്രകാരം ക്ഷേത്ര കോമ്പൗണ്ടിന് പുറത്തായി കെ.എസ്.ഇ.ബി. സപ്ലൈ ഉപയോഗിച്ച് ലൗഡ്സ്പീക്കറുകളും ട്യൂബ് ലൈറ്റുകളും അലങ്കാര ദീപങ്ങളും അനധികൃതമായി സ്ഥാപിച്ചതിന് ക്ഷേത്ര സെക്രട്ടറിക്ക് നോട്ടീസ് നൽകിയിരുന്നു. അതുപോലെ **Letter No. NO.DB/PZA/AE/LETTER/2025-26/186 dated 28.02.2026** പ്രകാരം അപ്പീൽക്കാരന്റെ പരാതിയെ തുടർന്ന് നടത്തിയ പരിശോധനയിൽ അനധികൃത ജനറേറ്റർ ഉപയോഗം കണ്ടെത്തിയതിനാൽ കൊല്ലം ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്ക് ഔദ്യോഗികമായി റിപ്പോർട്ട് നൽകിയിരുന്നു.

എതിർകക്ഷിയുടെ മറുപടിയിൽ, പ്രസ്തുത വൈദ്യുതി വിച്ഛേദം മുൻകൂട്ടി അറിയാവുന്നതും ആസൂത്രണം ചെയ്തതുമായ നടപടിയാണെന്ന് വ്യക്തമായി സമ്മതിച്ചിരിക്കുന്നു. അങ്ങനെയെങ്കിൽ, അത് നിയമപരമായി ഒരു**Scheduled Interruption/Planned Outage** ആയി കണക്കാക്കപ്പെടേണ്ടതാണ്. അത്തരം സാഹചര്യത്തിൽ **KSERC (Standards of Performance of Distribution Licensees) Regulations, 2015**-ലെ **Schedule I, Item 4** പ്രകാരം, വൈദ്യുതി വിതരണം തടസ്സപ്പെടുന്ന വിവരം ബാധിക്കപ്പെടുന്ന ഉപഭോക്താക്കൾക്ക് കുറഞ്ഞത് **24** മണിക്കൂർ മുൻപ് അറിയിക്കേണ്ടത് വിതരണ ലൈസൻസിയുടെ നിർബന്ധിത നിയമബാധ്യതയാണ്. എന്നാൽ, ഈ കേസിൽ ഔട്ടേജ് ആരംഭിക്കുന്നതിന് ഏകദേശം ഒരു മണിക്കൂർ മുൻപ് മാത്രമാണ് (**02.03.2026** ഉച്ചയ്ക്ക് ഏകദേശം **3.00** മണിക്ക്) എസ്.എം.എസ്. സന്ദേശം അയച്ചത്. അതിനാൽ, പ്രസ്തുത ഔട്ടേജ് ആസൂത്രിതമാണെന്ന് എതിർകക്ഷി തന്നെ സമ്മതിക്കുന്ന സാഹചര്യത്തിൽ, നിർബന്ധമായ മുൻകൂർ അറിയിപ്പ് നൽകാതിരുന്നത് കെ.എസ്.ഇ.ആർ.സി. ചട്ടങ്ങളുടെ വ്യക്തമായ ലംഘനമാണ്. മാത്രമല്ല, ഉപഭോക്താക്കൾക്ക് അയച്ച എസ്.എം.എസ്.-ൽ വൈദ്യുതി തടസ്സത്തിന്റെ കാരണം **"Safety Issues - Natural Calamity"** എന്നായി രേഖപ്പെടുത്തിയിരിക്കുന്നതും ഗുരുതരമായ പൊരുത്തക്കേടാണ്. യാതൊരു പ്രകൃതിക്ഷോഭവും ഉണ്ടായിരുന്നില്ലെന്നും, മറിച്ച് ഒരു മുൻകൂട്ടി ആസൂത്രണം ചെയ്ത ഘോഷയാത്രയുടെ ഭാഗമായി നടത്തിയ വൈദ്യുതി വിച്ഛേദമാണിതെന്നും എതിർകക്ഷി തന്നെ സമ്മതിച്ച സാഹചര്യത്തിൽ, **"Natural Calamity"** എന്ന കാരണം രേഖപ്പെടുത്തിയത് വസ്തുതകൾക്ക് വിരുദ്ധമായ രേഖപ്പെടുത്തലാണ്. ഇത്തരത്തിലുള്ള തെറ്റായ വർഗ്ഗീകരണം, **SAIDI (System Average Interruption Duration Index), SAIFI (System Average Interruption Frequency Index)** തുടങ്ങിയ വിതരണ വിശ്വാസ്യത സൂചികകളുടെ കണക്കെടുപ്പിൽ ഈ ഔട്ടേജിനെ വ്യത്യസ്ത വിഭാഗത്തിൽ ഉൾപ്പെടുത്തി പ്രകടന സൂചികകളെ ബാധിക്കാതിരിക്കാനും, കെ.എസ്.ഇ.ആർ.സി. ചട്ടങ്ങൾ പ്രകാരം ഉപഭോക്താക്കൾക്ക് നൽകേണ്ട നഷ്ടപരിഹാരമോ മറ്റ് നിയമപരമായ

ഉത്തരവാദിത്തങ്ങളോ ഒഴിവാക്കാനുള്ള ശ്രമമാണോ എന്ന ഗൗരവമായ സംശയം ഉയർത്തുന്നതാണ്. അതിനാൽ, പ്രസ്തുത എസ്.എം.എസ്.-ൽ യഥാർത്ഥ കാരണം രേഖപ്പെടുത്താതെ "**Safety Issues - Natural Calamity**" എന്ന് ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനവും, അതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരും, ആ വർഗ്ഗീകരണം ഏത് നിയമവ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് നടത്തിയതെന്നും സ്വതന്ത്രമായി പരിശോധിക്കപ്പെടുകയും ഉത്തരവാദിത്വം നിർണ്ണയിക്കപ്പെടുകയും ചെയ്യേണ്ടതാണ്.

നഷ്ടപരിഹാരം അനുവദിക്കാൻ അധികാരമില്ലെന്ന **CGRF**-ൻ്റെ കണ്ടെത്തൽ നിയമപരമായി തെറ്റാണ്. **2023**-ലെ **KSERC (CGRF & Ombudsman) Regulations**-ലെ **Regulation 21(2)(iii)** പ്രകാരം, സേവന നിലവാര ചട്ടങ്ങളിലെ **(SoP)** ലംഘനങ്ങൾക്ക് ഉപഭോക്താവിന് നഷ്ടപരിഹാരം നൽകാൻ ലൈസൻസിയോട് നിർദ്ദേശിക്കാൻ ഫോറത്തിന് വ്യക്തമായ അധികാരമുണ്ട്. **Electricity Act 2003 Section 57(2)** പ്രകാരവും ഇത് ഉപഭോക്താവിന്റെ നിയമാനുസൃതമായ അവകാശമാണ്. ഈ അധികാരപരിധി പരിഗണിക്കാതെയാണ് **CGRF** ഹർജി തള്ളിയത്; കൂടാതെ പരാതിയിലെ പ്രധാന വിഷയങ്ങളൊന്നും (സമയബന്ധിതമല്ലാത്ത മുൻകൂർ അറിയിപ്പ്, വ്യാജ കാരണം, ഔട്ടേജ് ദൈർഘ്യം, **6** മണിക്ക് മുമ്പ് വൈദ്യുതി തിരികെ തരാത്തത്) വിശദമായി പരിഗണിക്കാതെയാണ് **reasoned order** എന്ന ബാധ്യത നിറവേറ്റാതെ ഉത്തരവ് പുറപ്പെടുവിച്ചത്.

മേൽപ്പറഞ്ഞ ചട്ടലംഘനങ്ങൾ — **24** മണിക്കൂർ മുൻകൂർ നോട്ടീസ് നൽകാതിരിക്കൽ, വൈകിട്ട് **6** മണിക്ക് ശേഷം അകാരണമായി വൈദ്യുതി തടസ്സപ്പെടുത്തൽ, **SMS**-ൽ വ്യാജ കാരണം രേഖപ്പെടുത്തൽ, നിയമവിരുദ്ധ പ്രവർത്തനത്തിന് ഒത്താശ ചെയ്യൽ — എല്ലാം ഒരുമിച്ച് ചേരുമ്പോൾ ഇത് **KSERC (CGRF & Ombudsman) Regulations 2023, Regulation 21(2)(iii)** പ്രകാരവും **Electricity Act 2003 Section 57(2)** പ്രകാരവും നഷ്ടപരിഹാരം ലഭിക്കാൻ അർഹതയുള്ള വ്യക്തമായ സേവന വീഴ്ചയാണ് **(Deficiency in Service).**

## വിശകലനവും കണ്ടെത്തലുകളും

അപ്പീൽ പരാതിയുടെ വാദം **29/07/2026** -ന് ഉച്ചയ്ക്ക് ശേഷം **03:00**-ന് കെ.എസ്.ഇ.ബി, ഐ.ബി. പരുത്തിപ്പാറയിൽ വെച്ച് നടന്നു. പരാതിക്കാരനായ ശ്രീ. മനു എ. എസ്., എതിർകക്ഷി ശ്രീമതി. സ്മിത സി. ജി., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, വെളിയം, കൊല്ലം ജില്ല എന്നിവരാണ് ഹിയറിംഗിൽ പങ്കെടുത്തത്.

ലൈസൻസിയുടെ പെരുമ്പുഴ സെക്ഷൻ പരിധിയിൽ വരുന്ന ഒരു ഗാർഹിക ഉപഭോക്താവായ പരാതിക്കാരന്റെ വൈദ്യുതി മുന്നറിയിപ്പില്ലാതെ തടസ്സപ്പെടുത്തി എന്നതാണ് പ്രധാന ആക്ഷേപം. **2026** മാർച്ച് **2**ആം തിയതി വൈകിട്ട് **4** മണി മുതൽ രാത്രി **10:30** വരെ തുടർച്ചയായി **6 1/2** മണിക്കൂർ അദ്ദേഹത്തിന്റെ വീട് ഉൾപ്പെടുന്ന പ്രദേശത്ത് യാതൊരു സാങ്കേതികതകരാറുമില്ലാതെ വിഛേദിച്ചു. മാത്രവുമല്ല ആ പ്രദേശത്തെ **5** ട്രാൻസ്ഫോർമറുകൾ പ്രവർത്തനരഹിതമാകുകയും അങ്ങനെ ആ പ്രദേശത്താകമാനം വൈദ്യതി നിലയ്ക്കുകയും ചെയ്തു. ചട്ടപ്രകാരമുള്ള അറിയിപ്പ് നൽകാതെയാണ് വൈദ്യതി വിഛേദിച്ചത്. **4** മണിക്ക് വൈദ്യതി തടസ്സം ഉണ്ടാകുമെന്ന അറിയിപ്പ് നല്കിയിരുന്നത് **3pm** ന് നൽകിയ **SMS** വഴിയാണ്. അതും കാരണം കാണിച്ചിരുന്ന **(Natural Calamity)** പ്രകൃതിക്ഷോഭം എന്നാണ്. പ്രസ്തുത സെക്ഷന്റെ പരിധിയിൽ വരുന്ന ചിറയടി മഹാദേവൻ ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച ഘോഷയാത്രകളും കെട്ടുകാഴ്ചകളും കടന്നുപോകുന്നതിനുവേണ്ടിയാണ് വൈദ്യുത വിതരണ ശൃംഖല പ്രവർത്തനരഹിതമാക്കേണ്ടിവന്നത് എന്നാണ് എതിർ കക്ഷി അറിയിച്ചത്. വളരെ ഉയരത്തിലുള്ള ഫ്ലോട്ടുകളും കെട്ടുകാഴ്ചകളും കടന്നുപോകുമ്പോൾ ലൈനുകളിൽ തട്ടി അപകടം ഉണ്ടാകാനിടയുള്ള സാധ്യത ഒഴിവാക്കുന്നതിനുവേണ്ടിയാണ് ആ പ്രദേശത്തെ വൈദ്യുതി വിഛേദിക്കേണ്ടി വന്നത് എന്നും വിശദമാക്കി. എന്നാൽ ആ ക്ഷേത്രത്തിലെ ഉത്സവം ഫെബ്രുവരി **21** മുതൽ മാർച്ച് **02** വരെയായിരുന്നു എന്നാണ് രേഖകൾ പരിശോധിച്ചപ്പോൾ മനസിലാക്കാൻ സാധിച്ചത്. ഉത്സവനടത്തിപ്പുമായി ബന്ധപ്പെട്ട സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടത് സൂചിപ്പിച്ചുകൊണ്ടുള്ള കത്ത് **02/02/2026** ൽ തന്നെ ക്ഷേത്ര ഭാരവാഹികൾക്ക് നൽകിയതായി കാണുന്നു. എന്നാൽ അതിൽ കാണിച്ചിട്ടുള്ള നിബന്ധനകളോ നിർദ്ദേശങ്ങളോ പ്രസ്തുത ക്ഷേത്രഭാരവാഹികൾ പാലിച്ചതായി കാണുന്നില്ല. വൈദ്യുത ലൈനുകളുടെ സുരക്ഷിതത്വത്തിന് കോട്ടംതട്ടത്തക്ക രീതിയിലുള്ള പ്രവർത്തനങ്ങളെ നിരുൽത്സാഹപ്പെടുത്തുകയോ തടസ്സപ്പെടുത്തുകയോ ചെയ്യാനും ലൈസൻസിയ്ക്ക് അധികാരമുണ്ട്. അഥവാ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് വേണ്ടി ലൈനുകൾ സ്വിച്ച് ഓഫ് ചെയ്യേണ്ടിയിരുന്നുവെങ്കിലും അത് മുൻകൂട്ടി തീരുമാനിച്ച് ചട്ടപ്രകാരം **24** മണിക്കൂറിന് മുൻപ് അറിയിപ്പു നൽകി വേണമായിരുന്നു ചെയ്യേണ്ടിയിരുന്നത്. ഇവിടെ എതിർകക്ഷിയുടെ ഭാഗത്ത് ഗുരുതരമായ വീഴ്ചയും ആസൂത്രണമില്ലായ്മയും പ്രകടമാകുന്നു. ഇല്ലാത്ത പ്രകൃതിക്ഷോഭം എന്ന കാരണം കാണിച്ച ചട്ടപ്രകാരമുള്ള മുന്നറിയിപ്പ് നൽകാൻ കഴിയാതിരുന്ന പിഴവ് മറച്ചുവെയ്ക്കാനായിരിക്കാമെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു.

ഒരു ക്ഷേത്രോത്സവത്തിനു വേണ്ടി ഒരു പ്രദേശമാകെ അതായത് 5 ട്രാൻസ്ഫോർമർ സപ്ലൈ നൽകുന്ന പ്രദേശങ്ങൾ മുഴുവനും ഇരുട്ടിലാക്കി എന്ന വസ്തുത ശരിയാണെന്ന് കണക്കാക്കാൻ കഴിയില്ല. ഓരോ പ്രദേശങ്ങളിൽ മാത്രമായോ അത്യാവശ്യമായ ഭാഗങ്ങളിൽ മാത്രമായോ ചുരുങ്ങിയ സമയത്തേക്ക് ഓഫ് ചെയ്യാതെ 6 1/2 മണിക്കൂറോളം വൈദ്യുതി നിർത്തിവച്ചത് ലൈസൻസിയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണെന്നതിൽ സംശയമില്ല. **KSERC (Standard for Performance of Distribution Licensee) Regulation 2015 Regulation 4(7)** പ്രകാരം മുൻകൂട്ടി നിശ്ചയിച്ച് ലൈൻ ഓഫ് ചെയ്യുന്നതിന് 24 മണിക്കൂർ മുൻപ് അറിയിപ്പ് നൽകേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു.

***4. Guaranteed standards of performance .-***

> ***(1)*** *Every distribution licensee shall provide to the consumers and users, the services at the guaranteed standards of performance as specified in sub regulations (2) to (17) hereunder,-*
>
> ***(7)*** *Period of scheduled outages.- Interruption in power supply due to scheduled outages other than load-shedding, shall be notified by the licensee at least twenty four hours in advance and such interruption shall not exceed ten hours in a day.*

**The Electricity Act - 2023,** ലെ **section - 53** പ്രകാരം വൈദ്യുതിയുമായി ബന്ധപ്പെട്ട എല്ലാപ്രവർത്തനങ്ങളിലും ലൈസൻസി സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കേണ്ടതിനെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു.

***Section 53. (Provisions relating to safety and electricity supply):*** *The Authority may in consultation with the State Government, specify suitable measures for –*

> ***(a)*** *protecting the public (including the persons engaged in the generation, transmission or distribution or trading) from dangers arising from the generation, transmission or distribution or trading of electricity, or use of electricity supplied or installation, maintenance or use of any electric line or electrical plant;*
>
> ***(b)*** *eliminating or reducing the risks of personal injury to any person, or damage to property of any person or interference with use of such property ;*

ഇവിടെ അപകടാവസ്ഥ ഒഴിവാക്കാൻ മുൻകരുതൽ സ്വീകരിക്കാൻ ലൈസൻസിയ്ക്ക് അധികാരമുണ്ട്. എന്നാലും വളരെ മുൻകൂട്ടി അറിവുണ്ടായിരുന്ന ഘോഷയാത്രയും കെട്ടുകാഴ്ചയും വളരെ നേരത്തേ ആസൂത്രണം ചെയ്ത് **KSERC** റെഗുലേഷൻ പ്രകാരമുള്ള മുന്നറിയിപ്പു നൽകുന്നതിൽ ലൈസൻസി പരാജയപ്പെട്ടിരിക്കുന്നു. അത് ഒരു സേവനവീഴ്ചയായിത്തന്നെ കണക്കാക്കേണ്ടിയിരിക്കുന്നു. എന്നാൽ ഇതിനുള്ള പരിഹാരം **KSERC (Standard for Performance of Distribution Licensee) Regulation 2015 Regulation** - ൽ സൂചിപ്പിച്ചിട്ടില്ല. അതിനാൽതന്നെ അങ്ങനെ ഒരു നഷ്ടപരിഹാരം തീരുമാനിക്കാൻ കഴിയുന്നില്ല. ഇല്ലാത്തകാരണം കാണിച്ച് **SMS** അയച്ചതും കുറ്റമായിത്തന്നെ കാണുന്നു. ഇതൊരു **Natural**

Calamity അല്ലാതിരുന്നതിനാലും Scheduled Outage ആയി കണക്കാക്കാൻ കഴിയാതിരുന്നതിനാലും ഇതൊരു Normal False off call ആയി മാത്രമേ കണക്കാക്കാൻ കഴിയുകയുള്ളു. അങ്ങനെ നോക്കുമ്പോൾ KSERC (Standard for Performance of Distribution Licensee) Regulation 2015 പ്രകാരം ഈ പ്രദേശത്ത് 6 മണിക്കൂറിനകം വൈദ്യുതി പുനഃസ്ഥാപിക്കേണ്ടതായിരുന്നു. അത് നടപ്പിലാക്കാത്തതിനാൽ പ്രസ്തുത റെഗുലേഷൻ schedule compensation for breach of guaranteed Standards of Performance പ്രകാരം 100രൂപ നഷ്ടപരിഹാരത്തിനർഹതയുണ്ട്.

കെട്ടുകാഴ്ച കടന്നുപോയത് ഗതാഗത നിയമങ്ങളും പൊതുനിരത്തിൽ പാലിക്കേണ്ട നിയമങ്ങൾ പാലിക്കാതെയുമാണെന്ന പരാതിക്കാരന്റെ വാദം ഈ അധികാരിയുടെ അധികാരപരിധിയല്ലാത്തതിനാൽ അതിനു തീരുമാനമെടുക്കാൻ കഴിയുന്നില്ല.

## തീരുമാനങ്ങൾ

സമർപ്പിച്ച രേഖകൾ പരിശോധിക്കുകയും,പരാതിക്കാരന്റെയും എതിർകക്ഷി യുടെയും വാദം കേൾക്കുകയും ചെയ്ത ശേഷം, മുകളിൽ സൂചിപ്പിച്ച വിശകല നത്തിൽ എത്തുകയും ഇനിപ്പറയുന്ന തീരുമാനം എടുക്കുകയും ചെയ്യുന്നു.

1) ലൈസൻസി KSERC (SOP) Regulation, 2015 പ്രകാരം 100 രൂപ (നൂറ് രൂപ) നഷ്ടപരിഹാരമായി പരാതിക്കാരന് നൽകേണ്ടതാണ്.

2) മേലിൽ ഇത്തരം കാര്യങ്ങൾക്ക് വേണ്ടി വൈദ്യുതി വിച്ഛേദിക്കേണ്ടി വരുമ്പോൾ മുൻകൂട്ടി ആസൂത്രണം ചെയ്തു ചട്ടപ്രകാരം മുന്നറിയിപ്പു നല്കാൻ ലൈസൻസി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3) വൈദ്യുതിവിതരണസംവിദാനങ്ങളിൽ സുരക്ഷാവീഴ്ച ഉണ്ടാകത്തക്ക രീതിയിലുള്ള ഇത്തരം പരിപാടികൾ നിരുത്സാഹപ്പെടുത്താൻ ലൈസൻസി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

4) ഒരു പ്രദേശമാകെ ഇരുട്ടിലാഴ്ത്തിക്കൊണ്ടുള്ള ഇത്തരം പ്രവണതകൾ ആവർത്തിക്കാതിരിക്കാൻ ലൈസൻസി നടപടികൾ സ്വീകരിക്കുക.

5) മറ്റു ചെലവുകൾ ഒന്നും അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

**P/036/2026/** തീയതി : **20-08-2026**

**അയക്കുന്നത്:**

1. ശ്രീ. മനു എ. എസ്., കാമ്പയിൻ കോ-ഓർഡിനേറ്റർ, **'Silence the Noise' by esSENSE** ഗ്ലോബൽ, മീഹാരം, പെരുമ്പുഴ പി. ഓ., കൊല്ലം ജില്ല- **691504**
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ്, വെളിയം, കൊല്ലം (ജില്ല).

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, **KPFC** ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം **-10.**
2. സെക്രട്ടറി, കെ.എസ്.ഇ.ബി. ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം**-4.**
3. ചെയർപേഴ്സൺ, കൺസ്യൂമർ ഗ്രിവൻസ് റിഡ്രെസൽ ഫോറം, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, കൊട്ടാരക്കര **- 691506**